**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇ.ആർ.എഫ് വിഭാഗങ്ങൾക്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ട്രോമാകെയർ, ഇ.ആർ.എഫ് എന്നീ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും രക്ഷാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് സാമഗ്രികളും വാങ്ങുന്ന ചെലവുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ല. നിലവിൽ രോഗബാധിതർക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആനുകൂല്യങ്ങൾ നൽകുന്നത്. ആരോഗ്യ പ്രവർത്തകർക്ക് ആനുകൂല്യങ്ങൾ നൽകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളായ ആശുപത്രികൾക്ക് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു വരുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് മുഴുവൻ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾക്ക് യൂണിഫോം പോലും വാങ്ങാൻ ഫണ്ട് ലഭ്യമല്ലെന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായ രക്ഷാ പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുത്തുന്ന ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് മാറ്റി വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ല. നിലവിൽ രോഗബാധിതർക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആനുകൂല്യങ്ങൾ നൽകുന്നത്. ആരോഗ്യ പ്രവർത്തകർക്ക് ആനുകൂല്യങ്ങൾ നൽകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളായ ആശുപത്രികൾക്ക് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു വരുന്നതാണ്. |

സെക്ഷൻ ഓഫീസർ